# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 1663 02.07.2015 ൽ മറുപടിക്ക്.

## ശിശു സംരക്ഷണ പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി. എൻ. പ്രതാപൻ<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. എ. റ്റി. ജോർജ്<br>ശ്രീ. വി. പി. സജീന്ദ്രൻ | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ശിശു സംരക്ഷണ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. 2009 മുതൽ സംസ്ഥാനത്ത് സംയോജിത ശിശുസംരക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നു. 2014 മെയ് മാസം മുതൽ സംസ്ഥാനതല ശിശുസംരക്ഷണ യൂണിറ്റും 2014 ഒക്ടോബർ മാസം രണ്ട് മുതൽ എല്ലാ ജില്ലകളിലും ജില്ലാ തല ശിശു സംരക്ഷണ യൂണിറ്റുകളും പ്രവർത്തനം ആരംഭിച്ചു. |
| (ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ ; | (ബി) ബാലനീതി (ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾ) നിയമം 2000 ഉം അനുബന്ധ ചട്ടങ്ങളും അനുസരിച്ചുള്ള നടപടികൾ സംസ്ഥാന തലത്തിൽ സ്വീകരിച്ച് വരുന്നു. കുട്ടികളുടെ അവകാശ സംരക്ഷണത്തിനും സുരക്ഷ ഉറപ്പു വരുത്തുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന വിവിധ ഏജൻസികളെ സംയോജിപ്പിച്ചുകൊണ്ട് സംയോജിത ശിശുസംരക്ഷണ പദ്ധതി(ICPS) പ്രവർത്തിച്ചുവരുന്നു. |

(സി) കുട്ടികൾക്കെതിരെയുള്ള ശാരീരിക-ലൈംഗിക അതിക്രമങ്ങൾ തടയാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ, ചൈൽഡ് ലൈൻ, ഒ. ആർ. സി. എന്നിവ മുഖാന്തിരം കുട്ടികൾക്കെതിരെയുള്ള ശാരീരിക ലൈംഗികാതിക്രമങ്ങൾ തടയാൻ ഔട്ട് റീച്ച് പരിപാടികൾ, കൗൺസിലിംഗ്, സ്കൂൾ/കമ്മ്യൂണിറ്റി/ പഞ്ചായത്ത്/ ജില്ലാ തല ബോധവൽക്കരണ പരിപാടികൾ എന്നിവ സംയോജിത ശിശുസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. Protection of Children from Sexual Offences (POCSO) Act 2012 നെ സംബന്ധിച്ച ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ താഴെപറയും പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

1) ഇടുക്കി ജില്ലയിലെ കുമളിയിൽ മാതാപിതാക്കളുടെ ക്രൂരപീഡനത്തിനിരയായ മാസ്റ്റർ ഷഫീക്കിന്റെ എല്ലാ ചികിത്സാ ചെലവുകളും ഈ പദ്ധതി പ്രകാരം സർക്കാർ വഹിച്ചിട്ടുണ്ട്.

2) മാസ്റ്റർ ഷഫീക്ക് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം പീഡനത്തിനിരയാകുന്ന കുട്ടികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും 20,000/- രൂപ കരുതൽ തുകയായി അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ